# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 നവംബർ 7**

---

## <u>പ്രഫ. എം.എസ്. ജിഷയ്ക്ക് സീനിയർ സയന്റിസ്റ്റ് അവാർഡ്</u>

*മൈക്രോ ബയോളജിസ്റ്റ്സ് സൊസൈറ്റി ഇന്ത്യയുടെ 2024ലെ സീനിയർ സയന്റിസ്റ്റ് അവാർഡിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഫുഡ് സയൻസ് ആന്റ് ടെക്നോളജി മേധാവി പ്രഫ. എം.സ് ജിഷ തിരഞ്ഞെടുക്കപ്പെട്ടു. മഹാരാഷ്ട്ര ആസ്ഥാനമായുള്ള സൊസൈറ്റി രാജ്യത്തെ വിവിധ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽനിന്നുള്ള അധ്യാപകരെയാണ് അവാർഡിന് പരിഗണിച്ചത്.*

*മൈക്രോബയോളജിയിലെ പഠന, ഗവേഷണ പ്രവർത്തനങ്ങളിൽ നൽകിയ സംഭാവനകൾ വിലയിരുത്തിയാണ് പുരസ്കാരം നിർണയിച്ചതെന്ന് സൊസൈറ്റി ചെയർമാൻ ഡോ.എ.എം. ദേശ്മുഖ് അറിയിച്ചു. ഈ രംഗത്ത് 24 വർഷത്തെ പ്രവൃത്തിപരിചയമുള്ള ഡോ. ജിഷയുടെ പ്രധാന പഠന മേഖലകൾ ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ മൈക്രോബയോളജി, ജൈവ വളങ്ങളുടെയും ജൈവ കീടനാശിനികളുടെയും ഉത്പാദനം തുടങ്ങിയവയാണ്.*

*സർവകലാശായിലെ സ്കൂൾ ഓഫ് ബയോസയൻസസിൽ അധ്യാപികയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ആന്റ് ടെക്നോളജിയുടെ കോ-ഓർഡിനേറ്ററുമാണ്. വിവിധ സർവകലാശാലകളിലും കോളജുകളിലും ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായും പ്രവർത്തിക്കുന്നു. ദേശീയ, രാജ്യാന്തര തലങ്ങളിൽ നിരവധി പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.*

*ഫോട്ടോ ക്യാപ്ഷൻ*
*പ്രഫ. എം.എസ്. ജിഷ*

*(പി.ആർ.ഒ/39/993/2024)*

## പരീക്ഷാ തീയതി

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുടെ(എംജിയു-യുജിപി 2024 അഡ്മിഷൻ) പരീക്ഷ നവംബർ 21ന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/994/2024)*

## ഡി.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെ യോഗം

*മഹാത്മാ ഗാന്ധി സർവകലാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ഡി.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെ യോഗം നവംബർ 19ന് സർവകലാശാലാ അസംബ്ലി ഹാളിൽ നടക്കും.*

*(പി.ആർ.ഒ/39/995/2024)*

## പരീക്ഷാ തീയതി

*ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ, എംഎസ്സി, എംകോം (2018 അഡ്മിഷൻ സപ്ലിമെന്ററി, 2014 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് ഓഗസ്റ്റ് 2024) പരീക്ഷ നവംബർ 22 മുതൽ നടക്കും.*

*(പി.ആർ.ഒ/39/996/2024)*

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ജൂൺ 2024) പരീക്ഷ യുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധന യ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 21 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

.......

*മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ സോഷ്യോളജി (2014, 2015 അഡ്മിഷൻ മെഴ്സി ചാൻസ്, 2016 മുതൽ 2018 വരെ അഡ്മിഷനുകൾ സ പ്ലിമെന്ററി ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണ യത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ന വംബർ 22 വരെ ഓൺലൈനിൽ സമർപ്പിക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/997/2024)*

## താത്കാലിക നിയമനം

*മഹാത്മാഗാന്ധി സർവകലാശാലയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിൽ ഭിന്നശേഷിക്കാരായ വിദ്യാർഥികളുടെ പരിചരണത്തിനായുള്ള താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 645 രൂപ ദിവസവേതനത്തിൽ 179 ദിവസത്തേക്കാണ് നിയമനം.*

*ഏഴാം ക്ലാസ് വിജയിച്ച 45 വയസിൽ താഴെയുള്ളവരെയാണ് പരിഗണിക്കുന്നത്. സ്പെഷ്യൽ സ്കൂളിൽ പ്രവൃത്തിപരിചയമുണ്ടായിരിക്കണം. വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം ഭരണ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർക്ക്(1) നവംബർ 14 വരെ നൽകാം.*

*(പി.ആർ.ഒ/39/998/2024)*

## പരീക്ഷക്ക് അപേക്ഷിക്കാം

*ഒന്നാം സെമസ്റ്റർ എംഎഡ് (2024 അഡ്മിഷൻ റെഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 22 മുതൽ നടക്കും. നവംബർ 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ 15 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ 16 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/999/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**